## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 52 — 27-02-2017 ൽ മറുപടിയ്ക്ക്.

### ആശ്രിതനിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എ. അഹമ്മദ് കബീർ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി ) |
| എ ) ആശ്രിതനിയമനം വഴി കഴിഞ്ഞ ആറ് മാസക്കാലമായി എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ട്; വകുപ്പ് തിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) നിയമനം നൽകിയത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച് വരികയാണ്. |
| (ബി) മുൻ സർക്കാർ സൃഷ്ടിച്ച സൂപ്പർന്യൂമററി തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിനെതിരെ പാലക്കാട് പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ കോടതിയിൽ സമർപ്പിച്ച കേസിന്റെ അടിസ്ഥാനത്തിൽ ആശ്രിത നിയമനം ഉൾപ്പെടെയുള്ള കാര്യങ്ങൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ആശ്രിത നിയമനത്തിനായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കരുതെന്നും നിയമിച്ചവരെ റഗുലറൈസ് ചെയ്യരുതെന്നും ബഹു. ഹൈക്കോടതി WP(C)33621/15 & 5960/16 നം കേസ്സിൽ 25/02/2016 ൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളിൽ ഒഴിവുകൾ ഇല്ലാതിരിക്കെ സൂപ്പർ ന്യൂമററി തസ്തികകളിൽ മുൻകൂറായി നിയമിച്ചവരെ റഗുലറൈസ് ചെയ്യാൻ ബാക്കിയുള്ളതിനാലാണ് ആശ്രിത നിയമനം വൈകുന്നത്. |
| സി) ആശ്രിത നിയമനം ഒരു അവകാശം എന്ന നിലയിൽ സർക്കാരിന് ഇടപെടലുകൾ നടത്തുവാൻ സാധിക്കുമോ? | (സി) G.O(P)12/99/P&ARD തിയതി 24/05/99 പ്രകാരമുള്ള സമാശ്വാസ തൊഴിൽദാന പദ്ധതിയായിയാണ് മരണമടഞ്ഞ സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് തൊഴിൽ നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ.